**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3218** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് ക്ലാസ് റൂം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പൊതു വിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളുമാണ് നിലവിലുള്ളത്; ഇവയിൽ എത്ര സ്കൂളുകളിൽ നിലവിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല, സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ; | (എ) | 'സമേതം' സ്കൂൾ ഡാറ്റാ ബാങ്കിലെ കണക്ക് അനുസരിച്ച് 5,815 സർക്കാർ സ്കൂളുകളും 8,178 എയ്ഡഡ് സ്കൂളുകളുമാണുള്ളത്. എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലുമായി 45,000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കിയിട്ടുണ്ട്. ജില്ല, സ്കൂൾ, തദ്ദേശഭരണ സ്ഥാപനം, നിയോജക മണ്ഡലം തുടങ്ങിയവ തിരിച്ചുള്ള വിവരം പൊതുജനങ്ങൾക്കും കൂടി ലഭ്യമാകുന്ന രീതിയിൽ **sametham.kite.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര പൊതുവിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളും ഉണ്ട്; പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര ഇടത്ത് സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല, സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ബി) | ട്രൈബൽ മേഖലയിലേത് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഹൈടെക് ക്ലാസ് മുറികൾ കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ട്രൈബൽ മേഖലയിൽ പ്രവർത്തിച്ചു വരുന്ന പൊതുവിദ്യാലയങ്ങളുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | ട്രൈബൽ സ്കൂളുകളുടെ എണ്ണം (ഗവ. സ്കൂളുകൾ) |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 25 |
| 7 | എറണാകുളം | 0 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 15 |
| 10 | മലപ്പുറം | 5 |
| 11 | കോഴിക്കോട് | 1 |
| 12 | വയനാട് | 5 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |
| | **ആകെ** | **90** |

സെക്ഷൻ ഓഫീസർ